(ജി) ദളിത് ക്രൈസ്തവരെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 1996-ൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നതിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടുണ്ടോ;

(എച്ച്) ദളിത് ക്രൈസ്തവർക്ക് സംവരണം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച സംസ്ഥാന സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേരളത്തിലെ യഥാർത്ഥ പട്ടികജാതിയിൽപ്പെടുന്ന തണ്ടാൻ, സമുദായത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകിവരുന്നു.

(ഡി)&(ഇ) ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഉറപ്പു വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. കേരളത്തിലെ തണ്ടാൻ സമുദായക്കാർക്ക് സർട്ടിഫിക്കറ്റ് നൽകുമ്പോൾ അവർ ഈഴവ/തിയ്യ വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെന്ന് ശരിയായ അന്വേഷണം നടത്തി വ്യക്തമാക്കണമെന്ന് കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

(എഫ്) യഥാർത്ഥ പട്ടികജാതിയിൽപ്പെടുന്ന തണ്ടാൻ സമുദായക്കാർക്ക് പട്ടികജാതി ആനുകൂല്യം ഇപ്പോൾ ലഭ്യമാണ്.

(ജി)&(എച്ച്) പട്ടികജാതികളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരെ പട്ടികജാതിക്കാരായി പരിഗണിക്കണമെന്ന ആവശ്യത്തിൻമേൽ 1996-ൽ കേന്ദ്ര സർക്കാർ സംസ്ഥാനസർക്കാരുകളുടെ നിലപാട് ആരാഞ്ഞിരുന്നു. ഇക്കാര്യം പഠിച്ച് തീരുമാനമെടുക്കുവാൻ കൂടുതൽ സമയം ആവശ്യപ്പെട്ടിരുന്നു. അന്നത്തെ കേന്ദ്രമന്ത്രിസഭ രാജിവച്ചതിനാൽ പിന്നീട് കേന്ദ്രസർക്കാരിൽ നിന്നും ഇക്കാര്യത്തിൽ നടപടിയൊന്നും ഉണ്ടായിട്ടില്ല. ക്രിസ്തുമതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും എതിർത്തും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് ഇക്കാര്യം പരിശോധിച്ചുവരുന്നു.

244(2352) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ മണ്ഡലത്തിലെ എത്രപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ധനസഹായം ലഭിച്ചിട്ടുള്ളവരുടെ ലിസ്റ്റും, എത്രതുക ലഭിച്ചു എന്നതിന്റെ സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ മണ്ഡലത്തിൽപ്പെട്ട 145 പേർക്ക് 2,63,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായം ലഭിച്ചിട്ടുള്ളവരുടെ ലിസ്റ്റും സ്റ്റേറ്റ്മെന്റും ഇതോടൊപ്പം ഉണ്ട്.†

245(2353) ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച സംഭാവന

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1996-97 1997-98, 1999-2000 വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എത്ര രൂപ വീതം സംഭാവന ലഭിച്ചു എന്ന് അറിയിക്കുമോ;

(ബി) മേൽ പറഞ്ഞ ഓരോ വർഷവും എത്രരോഗികൾക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ട് എന്നും മൊത്തം എത്ര തുക വീതം ഓരോ വർഷവും നൽകിയിട്ടുണ്ട് എന്നും അറിയിക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനും അതുവഴി കൂടുതൽ ദുരിതാശ്വാസ പ്രവർനങ്ങൾ നൽകുന്നതിനും എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) 31-1-2000 വരെ അനുവദിച്ച തുകയിൽ എത്ര രൂപ വിതരണം ചെയ്യാതെ കുടിശ്ശിക ഉണ്ട് എന്ന വിവരം ജില്ല തിരിച്ചുള്ള കണക്കുകൾ അറിയിക്കുമോ;

(ഇ) 31-1-2000 വരെ ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷ, ഇനിയും ചികിത്സാ സഹായം അനുവദിക്കാതെ കുടിശ്ശിക ഉണ്ട് എന്ന് അറിയുമോ;

(എഫ്) ഇപ്പോൾ നൽകുന്ന ചികിത്സാ സഹായം രോഗികൾക്ക് ചെലവാകുന്ന തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കൂടുതൽ ഉയർന്ന നിരക്കിൽ ചികിത്സാ സഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ)(ബി)(സി)(ഡി)&(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി) ഫണ്ടിന്റെ അപര്യാപ്തത കൊണ്ടാണ് ധനസഹായം ഉയർത്താൻ സാധിക്കാത്തത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly